(സി) റബ്ബർ മാർക്ക് 91383018.3 രൂപയുടെ 714.7038 ടൺ ആർ.എസ്.എസ്. 4 ഗ്രേഡ് റബ്ബറും 10690882.35 രൂപയുടെ 90.2961 ടൺ ആർ.എസ്.എസ്. 5 ഗ്രേഡ് റബ്ബറും സംഭരിച്ചിട്ടുണ്ട്. മാർക്കറ്റ് ഫെഡ് ഇതുവരെ ആർ.എസ്.എസ്. 4, ആർ.എസ്.എസ്. 5 ഗ്രേഡിലുള്ള യഥാക്രമം 419.677 ടണ്ണും 2.655 ടൺ റബ്ബറും സംഭരിച്ചിട്ടുണ്ട്.

(ഡി) 2014 മാർച്ച് 3-ന് ആരംഭിച്ച സംഭരണം റബ്ബർ വാങ്ങുന്നതിനുള്ള ഫണ്ടിന്റെ അഭാവംമൂലം 31-3-2014-ൽ നിർത്തിവച്ചിരുന്നു. സർക്കാർ ഫണ്ട് ലഭ്യമാക്കിയതിനാൽ 2014 സെപ്റ്റംബർ മാസം പുനരാരംഭിച്ചു.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

റബ്ബർ പ്രതിസന്ധി

167 (1583) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ പ്രതിസന്ധി പരിഹരിക്കുവാൻ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ;

(ബി) ഇപ്രകാരം എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) റബ്ബർ പ്രതിസന്ധി പരിഹരിക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിവേദനം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ആവശ്യങ്ങളെല്ലാംതന്നെ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

റബ്ബർ സംഭരണം

168 (1584) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലയിടിവ് തടയുവാൻ റബ്ബർ സംഭരണം നടത്തുന്നുണ്ടോ ;

(ബി) എത്ര വിലയ്ക്കാണ് ഇപ്പോൾ റബ്ബർ സംഭരിക്കുന്നതെന്നും ഇതിനകം എത്ര ടൺ സംഭരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) സംഭരണംകൊണ്ട് കർഷകർക്ക് ന്യായവില കിട്ടുന്നുണ്ടോ ; ഇല്ലെങ്കിൽ ന്യായവില ലഭ്യമാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly